# ചരിത്രങ്ങളും കല്പിതങ്ങളും

**ആധുനികാനന്തര മലയാളകഥയുടെ രാഷ്ട്രീയചരിത്രം തിരുത്തിയെഴുതുന്നവയാണ് പി.ജെ.ജെ. ആന്റണിയുടെ രചനകൾ-ഒരു നിരീക്ഷണം**

■ ഷാജി ജേക്കബ്

"അഴിഞ്ഞപൂവിനെ,
അതിനെ വിടർത്തിയ
നിലം പിന്നെ ഓർക്കുന്നില്ല.''

വിശ്വവിഖ്യാതമായ മരണപുരാവൃത്തങ്ങളിൽനിന്ന് മലയാളത്തിലേക്കു കൂട്ടിയിണക്കപ്പെട്ട അടിപതറാത്തൊരു ജീവിതവിചാരബന്ധത്തെ പി.ജെ.ജെ. ആന്റണിയുടെ ഭാവനാലോകം ആദ്യവസാനം വെളിപ്പെടുത്തിത്തരുന്നുണ്ട്. സ്ഥലവും കാലവും ചരിത്രവും മിത്തും രാഷ്ട്രീയവും അധികാരവും മതവും വിശ്വാസവും ശരീരവും ആത്മാവും രതിയും വിരക്തിയും കലങ്ങിമറിഞ്ഞാർക്കുന്ന മർത്യജന്മത്തിന്റെ കുത്തൊഴുക്കിനുമേൽ അത് ചെറുകഥയുടെ ആരുറപ്പുള്ള ഒറ്റത്തടിപ്പാലങ്ങൾ തീർക്കുന്നു. സാഹിത്യത്തിലെന്നല്ല ഏതു സാംസ്കാരികാനുഭവത്തിലും മരണം പോലെ മനുഷ്യചേതനയെ വിറങ്ങലിപ്പിച്ചു നിർത്തുന്ന മറ്റൊരു അസ്തിത്വസന്ദർഭമില്ല. ചെറുകഥയും അതിന്റെ ലാവണ്യാസുരമായ രചനകളോരോന്നും നിർമിച്ചത് മരണത്തിന്റെ പുരാവൃത്തമായാണ്.

## മുൻകൂട്ടി പ്രവചിക്കപ്പെട്ട പുരാവൃത്തങ്ങൾ

റഷ്യയുടെ ശീതികരിച്ച ചരിത്രകാലങ്ങൾ കഥയായെഴുതിയ ഗോഗോളിയൻ ഭാവനമുതൽ ലാറ്റിനമേരിക്കൻ രാക്ഷസതകളെ മാന്ത്രിക യാഥാർഥ്യത്തിൽ ചാലിച്ച മാർക്കേസിയൻ പ്രതിഭവരെ നീളുന്ന, മലയാളിക്ക് ഏറെ പരിചിതമായ ലോകകഥയുടെ ഭൂഖണ്ഡാന്തര മാതൃകകൾ ഏതെടുത്താലും ഇതു വ്യക്തമാണ്. പി.ജെ.ജെ. ആന്റണിയുടെ ചെറുകഥകൾ ഏതാണ്ടൊന്നടങ്കം മരണത്തിന്റെ 'മുൻകൂട്ടി പ്രവചിക്കപ്പെട്ട' പുരാവൃത്തങ്ങൾതന്നെയാണ്. 1970-കളിലെഴുതി 'സ്വയം കൊന്നുകളഞ്ഞ' ഒരുപറ്റം കഥകൾക്കുശേഷം 1997-ൽ പ്രസിദ്ധീകൃതമായ 'മഴനേരങ്ങളിൽ' എന്ന രചനയിലാണ് ആന്റണിയുടെ കഥാജീവിതത്തിന്റെ രണ്ടാം ഘട്ടമാരംഭിക്കുന്നത്. ഒരേ കാലത്തുതന്നെ ആഗോളവൽകൃതവും ആധുനികാനന്തരവുമായ മലയാളഭാവനയുടെ വന്യയാഥാർഥ്യങ്ങളിലേക്ക് ആന്റണിയുടെ രചനകൾ വേരുകൾ പടർത്തി. പതിനഞ്ചുവർഷംകൊണ്ട് മുപ്പത്തെട്ടു കഥകൾ.

ചരിത്രങ്ങളും കല്പിതങ്ങളുമായി ഒരേ സമയം വായിച്ചെടുക്കാവുന്ന എഴുത്തിന്റെ പാഠരൂപങ്ങൾ. ജീവിതത്തിനുമേൽ ഫണം നീർത്തി നിൽക്കുന്ന മരണത്തിന്റെ കിരാതരൂപകങ്ങൾ അവയിൽ നിറയുന്നു. ചരിത്രം കഥയായും കഥ മിത്തായും മിത്ത് മതമായും മതം രാഷ്ട്രീയമായും രാഷ്ട്രീയം വിശ്വാസമായും വിശ്വാസം പ്രത്യയശാസ്ത്രമായും പ്രത്യയശാസ്ത്രം ഭീകരതയായും ഉറയൂരുന്ന മനുഷ്യജീവിതത്തിന്റെ വൈരുധ്യങ്ങളിലാണ് ആന്റണിയുടെ കഥകൾ ഭാവനയുടെ ഭൂതാവേശങ്ങൾപോലെ പിറന്നുവീഴുന്നത്. ഓർമകൾ കഥ പറച്ചിലായി മാറുമ്പോൾ ചരിത്രം അതിന്റെ ഭൂത-വർത്തമാനങ്ങൾകൊണ്ട് ഭാവിയുടെ അസ്തിവാരമിടുന്നു ഇവയിൽ. വിദൂരമായ സ്ഥലഭൂമികകൾ, പ്രവാസലോകങ്ങൾക്കപ്പുറത്തെ ആവാ

സവ്യവസ്ഥകൾ, ആലപ്പുഴയുടെ സാംസ്കാരിക ഭൂമിശാസ്ത്രം മുതൽ യൂറോപ്പിന്റെയും മധ്യപൂർവേഷ്യയുടെയും വടക്കുകിഴക്കൻ ഇന്ത്യയുടെയും രാഷ്ട്രീയ ബലതന്ത്രങ്ങൾ വരെ ഇവയിൽ ചുരുൾനിവരുന്നു. ദൈവത്തിനും വിധിക്കും മുന്നിൽ ഭയാനകമാംവിധം നിസ്സഹായമായിപ്പോകുന്ന മനുഷ്യാവസ്ഥകൾ, കാമനകളുടെ കത്തിപ്പടരലുകളും കെട്ടിയടങ്ങലുകളും, ആസക്തികളും വിരക്തികളും ധ്രുവാന്തരങ്ങളിലേക്കു കെട്ടിവലിക്കുന്ന ആത്മാവിന്റെ വിങ്ങലുകൾ.

ക്രൈസ്തവതയുടെ അപാരമായ മൂല്യസംഘർഷങ്ങൾ, പിതാ–പുത്ര ബന്ധത്തിന്റെ പ്രമാണത്തകർച്ചകൾ, ബിബ്ലിക്കൽ ബിംബകല്പനകളും പ്രരൂപങ്ങളും സൃഷ്ടിക്കുന്ന വെളിപാടിന്റെ വെള്ളിടികൾ, സഭയ്ക്കും പൗരോഹിത്യത്തിനുമെതിരെ നടത്തുന്ന കുരിശുയുദ്ധങ്ങൾ, മതം കമ്മ്യൂണിസത്തിനുമേലും കമ്മ്യൂണിസം ചരിത്രത്തിനുമേലും നടത്തുന്ന പകനിറഞ്ഞ വിധിയെഴുത്തുകൾ, നിസ്സാരമായ ജന്മത്തിനും ആകാശത്തോളം വളർന്ന മോഹങ്ങൾക്കുമിടയിൽ അടിപിളർന്നു തകരുന്ന വംശപരമ്പരകൾ, കപ്പൽഛേദം വന്ന കുടുംബങ്ങൾ, പ്രത്യയശാസ്ത്രവും പ്രയോഗവും രണ്ടാകുമ്പോൾ പക്ഷാഘാതം വന്നു തളരുന്ന പ്രസ്ഥാനങ്ങൾ, ഹിംസയ്ക്കും അഹിംസയ്ക്കുമിടയിൽ സന്ദേഹങ്ങളും തീർപ്പുകളും മാറിമാറി വേട്ടയാടുന്ന വിപ്ലവകാരികൾ, വാർധക്യം, രോഗം, വേർപാട്, മറവി, ഏകാന്തത–ജീവിതത്തെ ഒരു പാഴ്ചെലവു മാത്രമാക്കി മാറ്റുന്ന പിതൃരൂപങ്ങൾ, പ്രണയത്തിന്റെ അത്യപൂർവമായ വെള്ളിമീൻചാട്ടങ്ങൾ...


പി.ജെ.ജെ. ആന്റണി

ആന്റണിയുടെ കഥാലോകം ആധുനികാനന്തര മലയാളചെറുകഥയിൽ മൗലികവും രാഷ്ട്രീയ തീവ്രവും ചരിത്രബദ്ധവുമായ ഒരു ഭാവനാഭൂപടം തന്നെ വരഞ്ഞിടുന്നുണ്ട്.

## വൈരുധ്യങ്ങളുടെ സമരഭൂമി

മതവും കമ്മ്യൂണിസവുമാണ് ആന്റണിയുടെ ബഹുഭൂരിപക്ഷം കഥകളുടെയും രാഷ്ട്രീയ ഭൂമിക തീർക്കുന്നത്. മൂല്യങ്ങളുടെയും പ്രത്യയശാസ്ത്രങ്ങളുടെയും വിചാരണയ്ക്കായി അവ ചരിത്രത്തിന്റെ കടൽദ്വീപുകൾ തേടിപ്പോകുന്നു. ആത്മീയതയും ഭൗതികതയും തമ്മിലുള്ള സംഘർഷത്തിൽപ്പെട്ട് നട്ടെല്ലു പൊട്ടുന്ന വിശ്വാസികളും ആത്മാവിന്റെ പിശാചുവേട്ടക്കാരായി മാറുന്ന അവിശ്വാസികളും മിത്തുകളിലെന്നപോലെ ഈ കഥകളിൽ നിരന്നുവരുന്നു. പെരുങ്കയ്യന്മാരായ പിതാക്കന്മാരുടെ പ്രാണഭിക്ഷ മാന്ത്രിക ലാവണ്യത്തോടെ കഥകളിൽ പരന്നുപടരുന്നു. 'വീടിനു ചുറ്റും രക്തസാക്ഷികളുള്ള' പുന്നപ്രയിലെ തന്റെ തറവാട്ടുമുറ്റം മുതൽ കിഴക്കൻ യൂറോപ്പിലെ മഹാപ്രസ്ഥാനങ്ങളുടെ തകർന്ന കോട്ടക്കൊത്തളങ്ങൾവരെ ആന്റണി തന്റെ ചരിത്രാന്വേഷണം നീട്ടുന്നു. കുന്തക്കാരൻ പത്രോസിന്റെ ആത്മാവിനെ മഹാനായ ലെനിന്റെ മുസോളിയം തേടി യാത്രചെയ്യിക്കുന്നു.

മതത്തോടും കമ്മ്യൂണിസത്തോടും നീക്കുപോക്കില്ലാത്ത ചരിത്രബോധത്തോടെ കണക്കുചോദിക്കുന്നവരാണ് ആന്റണിയുടെ കഥാപാത്രങ്ങൾ മിക്കവരും. പ്രാർഥനയും മുദ്രാവാക്യവും ഭക്തിയും വിപ്ലവവും ആത്മാവും ശരീരവും ഭാവനയും യാഥാർഥ്യവും ഒന്നിക്കുന്ന വൈരുധ്യങ്ങളുടെ സമരഭൂമിയാണ് മനുഷ്യജീവിതമെന്ന വിശ്വാസത്തിൽ അവർ ചരിത്രത്തെ വിചാരണക്കെടുക്കുന്നു. തങ്ങളെ റദ്ദാക്കിയ വർത്തമാനകാലത്തോട് ഭൂതത്തിന്റെയും ഭാവിയുടെയും പേരിൽ വിലപേശുന്നവരാണ് ആന്റണിയുടെ ചരിത്ര–കഥാപുരുഷന്മാർ. കുന്തക്കാരൻ പത്രോസ് മുതൽ കനുസന്യാൽവരെ. ഭൈരവനാശാൻ മുതൽ റൊളുദോൻ ജോസഫ് വരെ.

മുഖ്യമായും നാലു ജീവിതമണ്ഡലങ്ങളെയാണ് ആന്റണിയുടെ കഥാലോകം രാഷ്ട്രീയവൽക്കരിക്കുന്നത് എന്നു പറയാം. മതവും ആത്മീയതയും വ്യക്തി-കുടുംബജീവിതങ്ങളിൽ സൃഷ്ടിക്കുന്ന മൂല്യസംഘർഷങ്ങളാണ് ഒന്നാമത്തേത്.

ആത്മാവിന്റെ ശരീരരൂപമാണ് മനുഷ്യജീവിതമെന്നു തിരിച്ചറിയുന്ന ഒരു പിതാവിന്റെ കടന്നുപോകലിന്റെ കഥ പറയുന്ന ജീവിതത്തെക്കുറിച്ച് ഒരുപന്യാസം, ചരിത്രമായി വേഷംമാറി നിൽക്കുന്ന മതവും ആത്മീയതയും ഉള്ളിൽ പേറുന്ന വർഗീയതയുടെ നരകാഗ്നി ജ്വലിക്കുന്ന ചരിത്രവും കല്പിതങ്ങളും സൈബർകാലത്തെ മതകാപട്യങ്ങളുടെ മറനീങ്ങുന്ന അദ്ഭുതങ്ങളുടെ രഹസ്യവാതിൽ, മതവിശ്വാസവും രാഷ്ട്രീയ വിശ്വാസവും ഇടകലർന്ന കടലോരജീവിതത്തിന്റെ ഭൂതവർത്തമാനങ്ങൾ സംഘർഷാത്മകമായി തിരയടിക്കുന്ന, ദൈവമേ, ദൈവമേ നീയെന്നെ കൈവിടാത്തതെന്തുകൊണ്ട്, മിത്തിലും ചരിത്രത്തിലും മാറിമാറി ജീവിക്കുന്ന യേശു തങ്ങളുടെ മരിച്ചുപോയ മകനായി ദിവാകരനെയും ഉമയെയും തേടിവരുന്ന പുലരിത്തൂമഞ്ഞുതുള്ളിയിൽ, വിമോചന ദൈവശാസ്ത്രത്തിന്റെയും മതവിചാരണയുടെയും രാഷ്ട്രീയോർജം തുളുമ്പുന്ന ക്രിസ്തു സഹസ്രനാമം, മരണത്തെ മറികടക്കുന്ന മനുഷ്യപ്രജ്ഞയെ ദൈവം നേരിട്ടു വിലയിരുത്തുന്ന ഹാ! വിജിഗീഷു, മൃത്യുവിനാമോ ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ തുടങ്ങിയ കഥകളിൽ മർത്യജീവിതം മൂല്യനിർണയം ചെയ്യപ്പെടുന്നത് ദൈവത്തിനും ആത്മാവിനും മുന്നിൽ വിറപൂണ്ടു നിൽക്കുന്ന മനുഷ്യരെയും ശരീരങ്ങളെയും മുൻനിർത്തിയാണ്. വിശ്വാസിയാകട്ടെ, അവിശ്വാസിയാകട്ടെ, അവർ കടൽക്ഷോഭത്തിലിടിഞ്ഞൂർന്നു പോകുന്ന മണൽത്തിട്ടപോലെ തങ്ങളുടെ ആയുസ്സറ്റു പോകുന്നതിനു നിശ്ശബ്ദം സാക്ഷ്യം വഹിക്കുന്നു. കമ്മ്യൂണിസത്തിന്റെ ഭൂത-വർത്തമാനങ്ങൾ തമ്മിലുള്ള പ്രത്യയശാസ്ത്ര സംഘർഷങ്ങളാണ് മറ്റൊന്ന്. ആലപ്പുഴയുടെ കമ്മ്യൂണിസ്റ്റ് ഭൂതവും ചരിത്രവും പുനർനിർമിക്കുന്ന സ്വപ്നമായി കുന്തക്കാരൻ പത്രോസിന്റെ ജീവിതവും പരാജയവും മായികഭാവനയിൽ രേഖപ്പെടുത്തുന്ന സ്റ്റാലിനിസ്റ്റുകൾ മടങ്ങിവരുന്നുണ്ട്. ഭ്രാതൃഹത്യ എന്നീ കഥകളാണ് ഈ വിഭാഗത്തിലെ ശ്രദ്ധേയമായ ആദ്യകാല മാതൃകകൾ. യേശുവിന്റേതിനോടു സമീകരിക്കപ്പെടുന്നുണ്ട് പുന്നപ്രവയലാറിനുശേഷവും പാർട്ടിയുടെ വാരിക്കുന്തം നെഞ്ചിലേറ്റു വാങ്ങേണ്ടിവരുന്ന പത്രോസിന്റെ പരാജിത ജീവിതം.

## വിപ്ലവകാരികളുടെ രക്തസാക്ഷ്യം

പുന്നപ്രവയലാർ സ്മൃതിയിൽ നിന്നു തുടങ്ങുന്ന കാലവും ചരിത്രവും ജീവിതവും ആഗോളവൽക്കരണത്തോളം പിന്തുടരുന്ന ഒരു കമ്മ്യൂണിസ്റ്റ് ആത്മകഥയാണ് ചരിത്രത്തിന്റെ അന്ത്യപ്രലോഭനം. മതവും രാഷ്ട്രീയവും സ്ഥലവും കാലവും സംലയിച്ച് വിപ്ലവത്തിന്റെ നിഷ്ഫലതയെക്കുറിച്ച് സൃഷ്ടിക്കുന്ന ചരിത്രാനുഭവമാണ് പിതൃക്കളുടെ മുസോളിയത്തിന് വലിയ അർഥസാധ്യതകൾ തുറന്നിടുന്നത്. കെട്ടുകഥകളുടെ സ്വർഗം നിർമിച്ച ലെനിന്റെ ശവകുടീരം വിഡ്ഢിയായ പുണ്യാളന്റെ ഭദ്രാസനപ്പള്ളിപോലെ തന്നെ ചരിത്രത്തിൽ മാലിന്യമായി നിറയുന്നു.

'അഴിഞ്ഞ പൂവിനെ, അതിനെ വിടർത്തിയ നിലം പിന്നെ ഓർക്കുന്നില്ല' എന്ന് കഥ മഹാനായ ലെനിന്റെ വിധി കുറിച്ചിടുന്നു. നർമത്തിൽ കുതിർന്ന ഒരു ഇടതുവലതു കമ്മ്യൂണിസ്റ്റ് വിഭജനകഥയാണ് ഇടംവലം. വാഗ്ഭടാനന്ദനിൽ നിന്നാരംഭിച്ച് കമ്മ്യൂണിസത്തിലെത്തുന്ന ഒരു സമാന്തരരാഷ്ട്രീയ ചരിത്രം ലൗജിഹാദ് അവതരിപ്പിക്കുന്നു. ഹിംസയുടെ നിരർഥകതയിലേക്ക് കൂപ്പുകുത്തിവീണ ഇടതുതീവ്രവാദത്തിന്റെ ഇന്ത്യൻ അനുഭവങ്ങൾ കനുസന്യാൽ മുതൽ കെ. വേണുവരെയുള്ളവരെ മുൻനിർത്തിയാവിഷ്കരിക്കുന്നു, ചിതയും കനലും. ചരിത്രത്തിൽ കല്പിതങ്ങളായി മാറുന്ന ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ അടിപതറലുകൾ ചൂണ്ടിക്കാണിക്കുന്നു ഈ കഥകളോരോന്നും. ഓർമയായും അനുഭവമായും പ്രേതാത്മാക്കളുടെ പരകായപ്രവേശമായുമൊക്കെ കമ്മ്യൂണിസം ആന്റണിയുടെ കഥാലോകത്തിനുമേൽ ചിറകുവിടർത്തി നിൽക്കുന്നു. ചുടുകാടുകളിൽനിന്ന് മുസോളിയങ്ങളിലേക്ക് വേദി മാറുമ്പോഴും വിപ്ലവകാരികളുടെ രക്തസാക്ഷ്യം ഒരു വലിയ നുണയായി കാലപത്രത്തിൽ എഴുതപ്പെടുന്നുവെന്ന് ഈ കഥകൾ അടിവരയിട്ടു പറയുന്നു.

ചരിത്രത്തിന്റെ ചുവരെഴുത്തുകളായി മാറുന്ന ചില സൂക്ഷ്മ സന്ദർഭങ്ങളുടെ കഥാരൂപങ്ങളാണ് ഇനിയുമൊരു മണ്ഡലത്തിലുള്ളത്. കുട്ടനാടിന്റെ ഭൂതകാലവും ചരിത്രവും കഥയുമായി ഇഴപിരിച്ചെടുക്കുന്ന ഒരു ചരിത്രാധ്യാപകന്റെ അന്തരമാവിഷ്ക്കരിക്കുന്ന ചരിത്രവും വ്യാകരണവും നാസിക്യാമ്പു മുതൽ ഇസ്ലാമിക രാഷ്ട്രങ്ങളിലെ വധശിക്ഷവരെ തീക്ഷ്ണമായി ആവിഷ്ക്കരിക്കുന്ന സകല വ്യഞ്ജനക്കടയിൽ രണ്ടു വിധവകൾ, നാസിജർമനിയുടെ ഭാഗധേയങ്ങൾ അരനൂറ്റാണ്ടിലൂടെ പരിണമിച്ചെത്തുന്ന സന്ദർഭങ്ങൾ ചിത്രീകരിക്കുന്ന ചരിത്രവും നിഷ്ക്കളങ്കതയും, ചരിത്രം മിത്തായി മാറുമ്പോൾ കാലം കുഴമറിഞ്ഞു പായുന്ന മാജിക്കൽ റിയലിസത്തിന്റെ ഒന്നാന്തരം മാതൃകകളിലൊന്നായിത്തീരുന്ന കാലദംശനം, ലാലാലജ്പത് റായിയുടെ നിഷ്ഠൂരമായ ഹത്യക്കു പകരംവീട്ടുന്ന പഞ്ചാബിന്റെ പക, ഭഗത്സിങ്ങിന്റെ ബലിയിലൂടെ ചരിത്രവൽക്കരിക്കുന്ന ലാഹോർ 1928, നാല് സോഷ്യൽ മീഡിയാ സുഹൃത്തുക്കൾ ബോഡോ, ഉൾഫാ കലാപകാരികളുടെ രാഷ്ട്രീയം പങ്കുവയ്ക്കുന്ന ഡൽഹിയിലേക്കുള്ള വിമാനം എന്നീ കഥകൾക്കുള്ളത് പ്രത്യക്ഷത്തിൽതന്നെ ചരിത്രത്തിന്റെ ഒരു ഖണ്ഡം കഥയായെഴുതുന്ന കലാസമീപനമാണ്.

ദൈവത്തിനോ ഭരണകൂടത്തിനോ പ്രത്യയശാസ്ത്രങ്ങൾക്കോ പ്രസ്ഥാനങ്ങൾക്കോ മുന്നിൽ പ്രാണനറ്റുവീഴുംവരെ ഉൾക്കിടിലമേശാതെ നെടുകെ നിൽക്കുന്ന പിതൃരൂപങ്ങളുടേതാണ് വേറൊരു ജീവിതമണ്ഡലം. പുത്രദുഃഖത്തിന്റെ പുരുഷസൂക്തങ്ങളായി മാറുന്നവയാണ് ഇവയിൽ പല രചനകളും. ജന്തുവും മനുഷ്യനും തമ്മിലുണ്ടെന്നു കരുതുന്ന വൈരു

ധ്യങ്ങളൊന്നും യാഥാർഥ്യമല്ലെന്നു തെളിയിക്കുന്ന മുയൽ ദൃഷ്ടാന്തം, അടിസ്ഥാനവർഗവിപ്ലവവും മുതലാളിത്ത പ്രലോഭനങ്ങളും ഒരേസമയം വേട്ടയാടുന്ന പുരുഷായുസ്സിന്റെ കഥ പറയുന്ന മറുലോകം, കാലങ്ങൾ തമ്മിലുള്ള സംഘർഷത്തിൽ മരണം പൂരിപ്പിക്കുന്ന ജീവിതത്തിന്റെ ചാക്രിക നിഷ്ഫലത തിരിച്ചറിയുന്ന കഥാപാത്രം കടന്നുവരുന്ന മരം, പൂവ്, കായ്, മരം, ജഗന്നാഥനെന്ന സുഹൃത്തിന്റെ ജഡവുമായി അയാളുടെ അച്ഛനെത്തേടിപ്പോകുന്ന രണ്ടുപേരുടെ നിസംഗതകളാവിഷ്ക്കരിക്കുന്ന ചില പുരാതന രഹസ്യങ്ങൾ, മരണം നിറതോക്കായി മേശവലിപ്പിൽ കാവൽകിടക്കുന്ന മുത്തച്ഛന്റെയും ഗതികെട്ട ഒരു പുത്രഹത്യയുടെയും കഥ പറയുന്ന സ്വതന്ത്ര ഉടമ്പടികൾ, കോമയിലാണ്ട ഒരു മനുഷ്യനെ ശുശ്രൂഷിക്കുന്ന ഹോംനഴ്സിന്റെ വിഭ്രാമകതകൾ ചുരുളഴിയുന്ന ജഡപുരുഷൻ... നാഞ്ചിനാടിന്റെയും ആലപ്പുഴയുടെയും ഭൂതത്തിൽനിന്ന് റഷ്യയുടെയും അമേരിക്കയുടെയും വർത്തമാനത്തിലേക്കു വളർന്നുപൊന്തുന്ന, കാലഭൈരവനെപ്പോലെ ഓർമയിൽ താണ്ഡവമാടുന്ന, ഒരു പിതാമഹന്റെ മിത്തിക്കൽ കഥ പറയുന്ന ഭൈരവനാശാൻ സത്യത്തിൽ ആരായിരുന്നു, സഭയ്ക്കും പൗരോഹിത്യത്തിനുമെതിരെ കലാപം പ്രഖ്യാപിച്ച് സ്വന്തം വിശ്വാസത്തിനു ബലിയാകുന്ന റൊളുദോൻ ജോസഫിന്റെ ജീവിതമെഴുതുന്ന ദൈവമേ, ദൈവമേ... മദ്യപാന സദസ്സിൽ പറയുന്ന രണ്ടുപൂർവികരുടെ ചതിനിറഞ്ഞ കഥയിൽനിന്ന് അവരുടെ ആത്മാക്കളിറങ്ങിവന്ന് കഥപറയുന്നവരെ ആവേശിക്കുന്ന മൂതിമരം പൂക്കുന്ന പലവിധങ്ങൾ, അലച്ചിലിന്റെ ഭൂപടംപോലെ നഷ്ടമാകുന്ന മകനെയോർത്തു വിലപിക്കുന്ന പിതാവുള്ള ബൊഹീമിയൻ, ഓർമയിൽനിന്ന് ഓർമനഷ്ടത്തിലേക്കു വഴുതിവീഴുന്ന ഒരു ജന്മത്തിന്റെ സങ്കടങ്ങളാവിഷ്ക്കരിക്കുന്ന അച്ഛനും അമ്മയും പ്രത്യയശാസ്ത്രവും, ഏകാന്തതയുടെ നിലവിളിപോലെ മുഴങ്ങുന്ന ആരെങ്കിലും കേൾക്കുന്നുണ്ടോ?, ഭൂതകാല ജീവിതത്തിന്റെ കണക്കെടുക്കുമ്പോൾ നഷ്ടങ്ങൾ മാത്രം ബാക്കിയാകുന്ന ഒരു വൃദ്ധന്റെ രാഷ്ട്രീയ സ്മൃതി പുരാണമായെഴുതപ്പെടുന്ന ചിതയും കനലും എന്നിങ്ങനെ ഈ കഥകൾ നീളുന്നു.



പി.ജെ.ജെ. ആന്റണി കുട്ടികൾക്കൊപ്പം

ഈവിധം, വിധിവിളയാട്ടത്താൽ കലുഷവും ചരിത്രഭാരത്താൽ ജൃംഭിതവുമായ മർത്ത്യജന്മത്തിന്റെ വ്രണിതവും ജ്വരതപ്തവുമായ അസ്തിത്വസന്ദർഭങ്ങളാവിഷ്ക്കരിക്കുന്ന തന്റെ കഥകളൊന്നടങ്കം മരണത്തിന്റെ പുരാവൃത്തങ്ങളാക്കി മാറ്റുന്നുവെന്നതാണ് ആന്റണി മുന്നോട്ടു വയ്ക്കുന്ന ഏറ്റവും ശ്രദ്ധേയമായ കലാതന്ത്രം. ജീവിതത്തിന്റെ കൊടിപ്പടം താഴ്ത്താൻ മൃത്യുവിന്നാകുമോ എന്ന് സ്വയം ആശ്വസിക്കാൻ ശ്രമിക്കുമ്പോഴും ജഡം ആത്മാവിൽനിന്നു വേർപ്പെടുന്നതിന്റെ അനിവാര്യത ഒന്നൊഴിയാതെ ഈ കഥകളുടെ ശിരോലിഖിതം മാറ്റിയെഴുതുന്നു.

## ജീവിതത്തിന്റെ ചരിത്രപാഠങ്ങൾ

മരണത്തിന്റെ ഒരു പടനിലം തന്നെയുണ്ട് ആന്റണിയുടെ കഥകളിൽ. വിശ്വാസത്തിനും പ്രത്യയശാസ്ത്രത്തിനും വേണ്ടിയുള്ള രക്തസാക്ഷിത്വങ്ങൾ, വിശ്വാസത്തകർച്ചയിൽ സംഭവിക്കുന്ന ആത്മാഹുതികൾ, പ്രസ്ഥാനങ്ങൾ നടപ്പാക്കുന്ന ഹിംസകൾ, ആത്മത്തിന്റെ ത്യാഗമായി മാറുന്ന ബലികൾ, കിടിലംകൊള്ളിക്കുന്ന പടുമരണങ്ങൾ, ചോര ചോരക്കെതിരെ വാളെടുക്കുന്ന പിതൃഹത്യകൾ, പുത്രഹത്യകൾ, ഭ്രാതൃഹത്യകൾ, ആത്മാഭിമാനത്തിനു പ്രാണൻകൊണ്ടു വിലപറയുന്ന ചാവേറുകൾ, നരകവാതിലുകൾ തുറന്നുവരുന്ന മരണദൂതന്മാർ, മുസോളിയങ്ങളിൽ മരിച്ചിട്ടും അഴുകാതെ കാക്കുന്ന ശവങ്ങൾ, അനാഥ ജഡങ്ങളുടെ പുനരധിവാസങ്ങൾ, ദൈവവും ഭരണകൂടവും രാഷ്ട്രീയ പ്രസ്ഥാനവും വ്യക്തികളും തങ്ങളുടെ ശരികൾക്കുവേണ്ടി നടപ്പാക്കുന്ന വധക്രമങ്ങൾ, മിത്തുകളിൽ തെഴുത്തുനിൽക്കുന്ന പിതൃരൂപങ്ങളുടെ കൊടുംപാതകങ്ങൾ, ആത്മാവ് മാത്രം ബാക്കിയായി കോമയിലും സ്മൃതിനാശത്തിലും ചതഞ്ഞുകിടന്നുപോകുന്ന ജഡജന്മങ്ങളുടെ കൊടും ശൈത്യങ്ങൾ-ദൈവമുപേക്ഷിച്ച മനുഷ്യരുടെയും പ്രസ്ഥാനങ്ങൾ മറന്നുപോയ പ്രത്യശാസ്ത്രങ്ങളുടെയും ബലികുടീരങ്ങളാണ് ഈ കഥകളിൽ നിർമിക്കപ്പെടുന്നത്. ആത്മാവ് ജഡത്തിൽനിന്നെന്നപോലെ ജീവിതം ഈ ബലികുടീരങ്ങളിൽനിന്നു ചിറകടിച്ചുയരുന്നു. മരണത്തിന്റെ പുരാവൃത്തങ്ങളിൽനിന്ന് ജീവിതത്തിന്റെ ചരിത്രപാഠങ്ങൾ പിറവികൊള്ളുന്നുവെന്നും ഈ ആഖ്യാനകലയെ വിശേഷിപ്പിക്കാം. ദൈവമേ, ദൈവമേ നീയെന്നെ കൈവിടാത്തതെന്തുകൊണ്ട്, പിതൃക്കളുടെ മുസോളിയം, ലാഹോർ 1928 എന്നിങ്ങനെ മതം, കമ്യൂണിസം, ചരിത്രം എന്നിവയുടെ സ്മൃതി പുരാണങ്ങളായെഴുതപ്പെ

ടുന്ന ഓരോ കഥയുമുദാഹരിച്ച് ഈ കലാതന്ത്രം വിശദീകരിക്കാം.

കമ്മ്യൂണിസ്റ്റുപാർട്ടി സെക്രട്ടറി ഡൽഹിയിൽ നാലാമത്തെ തെറ്റുതിരുത്തൽ രേഖ പുറത്തിറക്കിയ ദിവസം പാർട്ടിയുമായുള്ള ബന്ധം മാത്രമല്ല, നാടുമായുള്ള ബന്ധം തന്നെയും വിച്ഛേദിച്ച് സഞ്ചാരിയാകുന്ന കഥാപാത്രമാണ് പിതൃക്കളുടെ മുസോളിയത്തിലുള്ളത്. സഞ്ചാരം സ്വാതന്ത്ര്യമാണ് എന്നും ലോകം പരിണാമിയാണ് എന്നും അയാൾക്കറിയാം. യാത്രകളും കാഴ്ചകളും കാറ്റുപിടിപ്പിച്ച പായ്ക്കപ്പലിൽ അയാൾ ദൂരങ്ങൾ താണ്ടി. പ്രചീനേതിഹാസങ്ങൾ രഥയാത്രചെയ്ത കൊനാർക്ക്, വംശഹത്യകളുടെ ഓഷ്വിറ്റ്സ്, പ്രതിമകൾ തച്ചുടച്ചും ശവകുടീരങ്ങൾ മാന്തിപ്പൊളിച്ചും ഭൂതകാലത്തോടു പകരംവീട്ടുന്ന മോസ്കോ... സ്റ്റാലിനും ട്രോട്സ്കിയും ബലനോവും മറവിയിൽ കുഴിച്ചുമൂടപ്പെട്ടപ്പോഴും ലെനിനെ തൊട്ടുനോവിക്കാൻ ഗോർബച്ചേവോ യെൽസിനോ പുട്ടിനോ ധൈര്യപ്പെട്ടില്ല.

സോഷ്യലിസം പടിഞ്ഞാറുനോക്കിയുള്ള ഭിക്ഷാടനത്തിനു വഴിമാറിയ റഷ്യയുടെ പരിഹാസ്യമായ ചരിത്രാനുഭവങ്ങൾക്കു സാക്ഷ്യം വഹിക്കുന്നു, ഈ കഥ. മുസോളിയത്തിനു മുന്നിൽ റഷ്യൻ കൗമാരം ശവഘോഷയാത്രയിലെന്നപോലെ ബാക്കിനിൽക്കുന്നു ചരിത്രത്തിന്റെ ഇരട്ടപെറ്റ സഹോദരിയാണ് മോസ്കോനഗരം. സ്മാരകങ്ങളും മ്യൂസിയങ്ങളും നഗരത്തിലെവിടെയും സുലഭം. ഇപ്പോഴത് ടൂറിസത്തിന്റെ സാധ്യതകളാരായുന്നു. കമ്മ്യൂണിസം റഷ്യയിൽ മ്യൂസിയം പീസാകുന്നതിന്റെ വർത്തമാനമാണ് ആന്റണിയാവിഷ്ക്കരിക്കുന്നത്. ടൂറിസം, ഫാഷൻ... സ്വപ്നം വിതച്ച വിപ്ലവകാരികൾ, ലെനിൻ മുതൽ ചേഗുവേര വരെയുള്ളവർ, കമ്പോളത്തിന്റെ തെരുവോര വാണിജ്യ മുദ്രണങ്ങളായി മാറുന്ന വെറും ശിരസ്സുകളാണ്. "അർഥങ്ങൾ സദാ തെന്നിമാറിക്കൊണ്ടിരിക്കുന്ന അയഞ്ഞുതൂങ്ങിയ ചിഹ്നങ്ങൾ. കൊടിപ്പടങ്ങളിലെ അലങ്കാരമുദ്രകൾ. തൊണ്ടകളുടെ ശൗര്യങ്ങളിൽ അസ്തമിക്കുന്ന വിപ്ലവസൂര്യൻ..."

ലെനിന്റെ മുസോളിയം ശിങ്കാരത്തോപ്പിലെ പള്ളിസെമിത്തേരിയുടെ ഓർമയിൽ അയാളെ ഉലച്ചു. ഭാര്യയുടെ ശവകുടീരം. തൊട്ടടുത്ത് പുന്നപ്രയിലെ ഒളിപ്പോരാളികൾ മണ്ണിനടിയിൽ പഞ്ചഭൂതങ്ങളായി പിളർന്നൊടുങ്ങിയ ഇടം. മോസ്കോയിലും പള്ളികൾ മ്യൂസിയങ്ങളെ മറച്ചു തുടങ്ങി. 'പുഴകൾ പർവതങ്ങളിൽ നിന്നല്ല സമുദ്രത്തിൽനിന്നാണ് പിറവികൊള്ളുന്ന'തെന്ന സത്യം ഈ കഥ അടയാളപ്പെടുത്തുന്നു. ചരിത്രത്തോടു നീതിപുലർത്താത്ത പ്രത്യയശാസ്ത്രങ്ങൾ, ചരിത്രത്തിൽ അതിനെ വിടർത്തിയ നിലം പോലുമറിയാതെ അഴിഞ്ഞുചേരുന്നുവെന്ന് റഷ്യ ഓർമിപ്പിക്കുന്നു. (പിതൃക്കളുടെ മുസോളിയം പ്രസിദ്ധീകൃതമായതിനുശേഷം ദേശാഭിമാനി വാരിക ആന്റണിയുടെ കഥ തിരിച്ചയച്ചു!)

സ്വർഗം വാഗ്ദാനം ചെയ്ത കമ്മ്യൂണിസം യഥാർഥത്തിൽ സൃഷ്ടിച്ചത് നരകമായിരുന്നുവെന്ന് ഈ കഥ ചരിത്രത്തിനടിവരയിട്ടു പറയുന്നു. പരാജയപ്പെട്ട ദൈവത്തിന്റെ മഹാപുരോഹിതൻ, ലെനിന്റെ ശവകുടീരം ഒരു പ്രതീകമാണ്. ഒരു മരണം ഒരുപാടുമരണങ്ങളുടെ ശിരോരേഖയായി മാറുന്നതിന്റെ പ്രതീകം. കുഞ്ഞുങ്ങൾക്ക് സ്വപ്നവും പൂക്കളും ബാക്കിവച്ചു പോയപ്പോഴും അത് നിർവഹിച്ച ദൗത്യം വലിയൊരു നുണയുടേതായിരുന്നു. ദേശീയചരിത്രത്തിലെ രക്തസ്നാതമായ ഒരധ്യായമാണ് ലാഹോർ 1928 പങ്കുവയ്ക്കുന്ന ഭഗത്സിങിന്റെ മരണാനുഭവങ്ങൾ. 1928 ഡിസംബർ 18-ന്, ലാലാലജ്പത്റായിയുടെ ചോരയ്ക്കു പകരം വീട്ടാൻ പഞ്ചാബിന്റെ വീര്യം മുഴുവൻ ഉറഞ്ഞുകൂടിയ ഒരു കൈത്തോക്കുമായി ഭഗത്സിങ് പൊലീസ് ഓഫീസർ സാണ്ടേഴ്സിനെ കാത്തുനിന്നു. ഗ്രാമങ്ങളുടെ പട്ടിണിയും അഭയാർഥികളുടെ അലച്ചിലും ഭരണകൂടത്തിന്റെയും ജന്മികളുടെയും കിരാതത്വങ്ങളും വിപ്ലവകാരിയാക്കിയ ഭഗത്സിങിന് ലാലായുടെ മരണം ഒരർഥത്തിലും താങ്ങാനായില്ല. അഹിംസയുടെ പ്രവാചകൻ അയാളെ തീരെ ആകർഷിച്ചില്ല. ലാഹോറിൽ ഒരു ജനതയുടെ ആത്മാഭിമാനത്തിന് ചോര കൊണ്ടു തിലകക്കുറി തൊട്ടപ്പോൾ ഭഗത്സിങും രാജ്ഗുരുവും ചഞ്ചലരായില്ല. ജാതിയോ മതമോ വർഗമോ വംശമോ ആയിരുന്നില്ല അവരുടെ പിന്നിലും മുന്നിലും. കൊല്ലപ്പെടാത്തതുകൊണ്ടുമാത്രം രക്ഷപ്പെടാനുറച്ച അവർ വേഷപ്രച്ഛന്നരായി കൊൽക്കത്തയിലേക്കു തിരിച്ചു. എങ്കിലും 1931 മാർച്ച് 23-ന് ബ്രിട്ടീഷ് ഭരണകൂടം ഭഗത്സിങ്, രാജ്ഗുരു, സുഖ്ദേവ് എന്നിവരെ തീവ്രവാദികളായി മുദ്രകുത്തി വധിച്ചു. ചന്ദ്രശേഖർ ആസാദ് മുൻപുതന്നെ ഏറ്റുമുട്ടലിൽ പിടികൊടുക്കാതെ സ്വയം വെടിവച്ചു മരിച്ചിരുന്നു. കഥ, ഈ കാലത്തേക്കു സഞ്ചരിക്കുന്നില്ല. 1928 ഡിസംബർ പതിനേഴും പതിനെട്ടും മാത്രമേ കഥയിലുള്ളൂ. പക്ഷേ, കൊൽക്കത്തയിലേക്കുള്ള യാത്രയിൽ ഭഗത്സിങ്, തന്റെ ഭാവിയും ഗാന്ധിജിയുടെ രാഷ്ട്രീയവും നേർക്കുനേർ ഏറ്റുമുട്ടുന്നതും തീവണ്ടിപ്പാളങ്ങൾ പോലെ സമാന്തരമായി മുന്നോട്ടുപോകുന്നതും കാണുന്നുണ്ട്. "തീവണ്ടി ഒരു വളവു തിരിയുകയായിരുന്നു. ഒന്നാംക്ലാസ് കൂപ്പെയുടെ ജാലകത്തിലൂടെ ഭഗത്സിങിന് മുന്നിൽ നീളുന്ന റെയിൽപാളങ്ങൾ കാണാം. നിഷ്ക്കാമിയായ വിപ്ലവകാരി തന്റെ നിണസാക്ഷിത്വത്തെ പാളങ്ങളുടെ അതിദൂരങ്ങളിൽ കണ്ടു. ചതിയന്മാരും ഒറ്റുകാരും രാജ്യദ്രോഹികളും കാത്തുനിൽക്കുന്ന ഇടത്താവളങ്ങൾ. അതിനുമപ്പുറം, അതിവിശ്വസ്തനായ ഒരാൾ ആദർശപ്രണയത്തിന്റെ കൊടും ഭ്രമത്തിൽ തന്നെ തള്ളിപ്പറയുന്നതും ഭഗത്സിങ് കണ്ടിരിക്കുമോ?" മലയാളകഥയുടെ സമീപകാല ചരിത്രത്തിൽ ഇതിനെക്കാൾ ഭാവോജ്വലമായ ഒരു കഥാന്ത്യം കണ്ടിട്ടില്ല.

ഭഗത്സിങും കൂട്ടരും കൊൽക്കത്തയിലേക്കുപോയ തീവണ്ടി അവിടെ യാത്ര അവസാനിപ്പിച്ചില്ല. ദേശീയത, അതിന്റെ ഗർഭത്തിലനുഭവിച്ച ചരിത്രവേദനകളുടെ ഈ ഘട്ടം ഒരു വൃത്തവും പല മനുഷ്യായുസ്സുകളും പൂർത്തിയാക്കി, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ അശാന്തിയായി പുകയുന്ന ദിനരാത്രങ്ങളിലേക്ക് അത് അവരെയും കൊണ്ട് സഞ്ചരിച്ചിരിക്കണം. ഡൽഹിയിലേക്കുള്ള വിമാനം എന്ന കഥയിൽ ആന്റണി ആ ചരിത്രമാണു പറയുന്നത്. ●